അന്തരിച്ചു

കോടി ശ്രീധരൻ നായർ

ബോവിക്കാനം: കാനത്തൂരിലെ പൊതുപ്രവർത്തകനായ കോടി ശ്രീധരൻ നായർ (61) അന്തരിച്ചു. കോൺഗ്രസ് നേതാവായിരുന്ന കെ കരുണാകരന്റെ കടുത്ത ആരാധകനായിരുന്നു.

ഡി ഐ സി കാസർകോട് ബ്ലോക്ക് സെക്രട്ടറിയായിരുന്നു. പരേതനായ കോടി നാരായണൻ നായരുടെയും കെ ജാനകി അമ്മയുടെയും മകനാണ്.ഭാര്യ: ശ്രീജ(പാടി). മക്കൾ: ശ്രീനാഥ്, ശ്രീനറാണി, ഷൈന. മരുമക്കൾ: സജേഷ്(പുണ്ടൂർ), സുധീഷ്(പടന്നക്കാട്). സഹോദരങ്ങൾ: മധുസൂദനൻ കോടി (അക്കൗണ്ടന്റ് മുളിയാർ സഹകരണ ബാങ്ക്), വേണു ഗോപാലൻ, ജയൻ(ഡ്രൈവർ ആസൂത്രണ ബോർഡ് കാസർകോട്), കാഞ്ചന (ഉദുമ ബാർ), അംബിക (ബേഡകം).

ബാബു മേസ്ത്രി

പെർള: എൻമകജെയിലെ ബാബു മേസ്ത്രി (62) അന്തരിച്ചു. ഭാര്യ: രത്ന. മക്കൾ: ചന്ദ്ര, മനോജ് കുമാർ, പ്രേമ. മരുമകൻ: ഈശ്വര.

അസുഖം മൂലം വിദ്യാർത്ഥി മരിച്ചു

കാഞ്ഞങ്ങാട്: അർബുദം ബാധിച്ച് ചികിത്സയിലായിരുന്ന വിദ്യാർത്ഥി മരിച്ചു. മടിക്കൈ വെള്ളച്ചേരിയിലെ ലൈറ്റ് ആന്റ് സൗണ്ട് ജീവനക്കാരൻ സുബൈറിന്റെ മകൻ ശാദുലി (17)യാണ് മരിച്ചത്. അസുഖം ബാധിച്ച് മലബാർ ക്യാൻസർ സെന്ററിൽ ചികിത്സയിലായിരുന്നു. കോട്ടപ്പുറം ഹോക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയാണ്. മാതാവ്: റഹമത്ത്. സഹോദരങ്ങൾ: ഫാത്തിമത്ത് ഹിബ, റഹീബ.

കാഞ്ഞങ്ങാട് നഗരഭരണം പിടിക്കാൻ യു.ഡി.എഫ്; നിലനിർത്താൻ എൽ.ഡി.എഫ്, ബി.ജെ.പി നിലപാട് നിർണ്ണായകം

കാഞ്ഞങ്ങാട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനു കളമൊരുക്കിയതോടെ എങ്ങും രാഷ്ട്രീയ ചരടുവലികൾ ശക്തം. കാഞ്ഞങ്ങാട് നഗരസഭാ ഭരണം നിലനിർത്താൻ ഇടതു മുന്നണിയും പടയ്ക്കകത്തെ പോരുകൊണ്ട് നഷ്ടപ്പെട്ടു പോയ ഭരണം തിരികെ പിടിക്കാൻ വലതു മുന്നണിയും ശക്തമായ കോപ്പു കൂട്ടുമ്പോൾ തെരഞ്ഞെടുപ്പു രംഗത്തു തീപാറും.

വർഷങ്ങളായി വലതു മുന്നണിയുടെ കൈയിൽ ഭദ്രമായിരുന്നു കാഞ്ഞങ്ങാട് നഗരഭരണം. എന്നാൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ സീറ്റുകൾ അപ്രതീക്ഷിതമായി നഷ്ടപ്പെട്ടതും പ്രധാന ഘടക കക്ഷിയായ മുസ്ലീംലീഗിനകത്ത് റിബലുകൾ തലപൊക്കിയതുമാണ് രാഷ്ട്രീയ എതിരാളികൾക്ക് വിജയം കൊയ്യാൻ ഇടയാക്കിയതെന്ന പാഠം ഉൾക്കൊണ്ടു കൊണ്ടാണ് ഇത്തവണ വലതു മുന്നണി തെരഞ്ഞെടുപ്പിനെ നേരിടാൻ ഒരുങ്ങുന്നത്. കൈ വിട്ടുപോയ സീറ്റുകൾ ഇത്തവണ തിരികെ പിടിക്കാനാകുമെന്ന പ്രതീക്ഷ കോൺഗ്രസ്സിനു ഉണ്ടെങ്കിലും ഇനിയും പരിഹരിക്കാനാകാത്ത ഗ്രൂപ്പു വഴക്ക് കടുത്ത പ്രതിരോധം തീർക്കുമോ എന്ന ആശങ്കയും കോൺഗ്രസിനകത്തുണ്ട്. കഴിഞ്ഞ തവണത്തെ പിഴവ് ഇത്തവണ ഉണ്ടാകാതിരിക്കാനുള്ള മുന്നൊരുക്കങ്ങളോടെയാണ് മുസ്ലീംലീഗ് തെരഞ്ഞെടുപ്പു ഗോദയിലേയ്ക്ക് ഇറങ്ങുന്നത്. നിലവിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.പി ജാഫറും മുൻ മുൻസിപ്പൽ ചെയർമാൻ എൻ.എ.ഖാലിദും ഇത്തവണ മത്സരത്തിനുണ്ടാകില്ല. മൂന്നു തവണ മത്സരിച്ചവർ ഇത്തവണ മത്സരിക്കേണ്ടതില്ലെന്ന സംസ്ഥാന നേതൃത്വത്തിന്റെ തീരുമാനമാണ് ഇരുവർക്കും എതിരായത്. എന്നാൽ ഇരുവരും തങ്ങൾക്കു വേണ്ടപ്പെട്ടവരെ സ്ഥാനാർത്ഥിയാക്കാൻ കൊണ്ടുപിടിച്ച ശ്രമം ആരംഭിച്ചതായാണ് പ്രവർത്തകർക്കിടയിലുള്ള പ്രധാന ചർച്ച. ലീഗ് സ്ഥാനാർത്ഥി നിർണ്ണയ മണ്ഡലം പാർലമെന്ററി ബോർഡിൽ എം.പി ജാഫറും നഗരസഭ പാർലമെന്ററി ബോർഡിൽ എൻ.എ.ഖാലിദുമുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ മെട്രോ മുഹമ്മദ് ഹാജിയുടെ വേർപാട് ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ ലീഗിനു കനത്ത വെല്ലുവിളി ഉയർത്തുമെന്ന ചർച്ചയും സജീവമായിട്ടുണ്ട്.എന്നാൽ ഭരണം ആവർത്തിക്കാനുള്ള നീക്കങ്ങളാണ് ഇടതു മുന്നണിയിൽ സജീവം. നിലവിലെ ചെയർമാനും സിപി.എം ജില്ലാ കമ്മിറ്റി അംഗവുമായ വി.വി.രമേശൻ ഇത്തവണ മത്സരത്തിനു ഉണ്ടാകില്ല. എന്നാൽ സ്ഥാനാർത്ഥി നിർണ്ണയ കാര്യത്തിൽ അദ്ദേഹത്തിന്റെ ഇടപെടലും നിലപാടും നിർണ്ണായകമാകുമെന്നാണ് സൂചന.അതേസമയം ബി.ജെ.പിയുടെ നിലപാടും തീരുമാനങ്ങളുമാകും നഗരഭരണം ആർക്കെന്നു ഉറപ്പിക്കുകയെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.

കാറിടിച്ച് ഓട്ടോ ഡ്രൈവർക്ക് പരിക്ക്

ഉപ്പള: ഓട്ടോയിൽ കാറിടിച്ച് ഓട്ടോ ഡ്രൈവർക്ക് പരിക്ക്. ഇന്നലെ വൈകിട്ട് കുക്കാറിലാണ് അപകടം. പരിക്കേറ്റ ഓട്ടോ ഡ്രൈവർ അട്ക്കയിലെ ഷബീറിനെ ബന്തിയോട്ടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാർ ഓട്ടോയിൽ ഇടിച്ചതിന് ശേഷം രണ്ട് ബൈക്കിലും ഇടിച്ചിരുന്നു.

അപകീർത്തി പ്രചരണം; യുവാവിനെതിരെ കേസെടുത്തു

കാസർകോട്: സാമൂഹ്യ മാധ്യമങ്ങളിലൂടെ അപകീർത്തികരമായ പ്രചരണം നടത്തിയെന്ന് പരാതി. ചൗക്കി, പെരിയടുക്കയിലെ 36 കാരിയുടെ പരാതി പ്രകാരം കർണ്ണാടക, വീരാജ്പേട്ടയിലെ സഫീനക്കെതിരെ ടൗൺ പൊലീസ് കേസെടുത്തു. ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ സാമൂഹ്യ മാധ്യമങ്ങളിൽ അപകീർത്തികരമായ പ്രചരണങ്ങൾ നടത്തിയെന്നാണ് പരാതി.

കനത്ത മഴയെ തുടർന്ന് വെള്ളത്തിലായ കുംബഡാജെ, ഉബ്രംകളയിലെ വയലുകൾ.

കനത്ത മഴ; ഉബ്രംകളയിൽ നെൽക്കറ്റകൾ വെള്ളത്തിൽ

ബദിയഡുക്ക: കനത്ത മഴയെ തുടർന്ന് കുംബഡാജെ, ഉബ്രംകളയിൽ നിരവധി നെൽവയലുകൾ വെള്ളത്തിനടിയിൽ. കൊയ്തിട്ട നെല്ലാണ് വെള്ളത്തിനടിയിലായത്.

ഉബ്രംകളയിലെ രാജേഷിന്റെ ആറേക്കർ നെൽവയലും സീതാംകുലി, കടാറിലെ രവികാന്തയുടെ ഒരേക്കർ നെല്ലും വെള്ളത്തിലാണ്. പള്ളത്തടുക്കയിലെ വിശ്വനാഥശർമ്മ, രാമ എന്നിവരുടെ നെൽകൃഷിയും വെള്ളത്തിലാണ്. മലയോരത്ത് ഇന്നലെ രാത്രി ആരംഭിച്ച കനത്ത മഴ ഇന്നു രാവിലെ വരെ തുടർന്നു.

എം.എസ്.എഫ് കാസർകോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ അവകാശ സംരക്ഷണ ജാഥ

എം.എസ്.എഫ് അവകാശ സംരക്ഷണ ജാഥ പ്രയാണം തുടരുന്നു

കാസർകോട് : വിദ്യാഭ്യാസ മേഖലയിൽ മലബാർ ജില്ലകളോടുള്ള അവഗണനക്കെതിരെയും, മുന്നോക്ക സംവരണം നടപ്പിലാക്കിയ ഇടതു സർക്കാരിന്റെ നയത്തിലും പ്രതിഷേധിച്ചു എം.എസ്.എഫ് കാസർകോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നവംബർ 2 മുതൽ 6 വരെ നടത്തുന്ന വിദ്യാർത്ഥി അവകാശ സംരക്ഷണ ജാഥയുടെ രണ്ടാം ദിന പര്യടനം പൂർത്തിയായി. ജില്ലാ പ്രസിഡന്റ് അനസ് എതിർത്തോട് നായകനും, ജില്ലാ ജോയിന്റ് സെക്രട്ടറിമാരായ താഹ തങ്ങൾ, സലാം ബെളിഞ്ചം എന്നിവർ ഉപനായകരുമായ ജാഥയിൽ എൻ.എ. നെല്ലിക്കുന്ന് എം. എൽ.എ, എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ. നവാസ്, ജോയിന്റ് സെക്രട്ടറി ആബിദ് ആറങ്ങാടി, യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് അഷ്റഫ് എടനീർ, നാസർ ചായിന്റടി, എം. എ നജീബ്, നൗഷാദ്, ഹാരിസ്,അജ്മൽ , അഷ്ഫാഖ് ബദ്റുദ്ധീൻ, ഫിറോസ്, അഷ്റഫ്,അബ്ദുൽ ഖാദർ, ഫൈസൽ, അന്തു, ബഷീർ, മജീദ്, അഷ്റഫ് സൽമാൻ,ഹമീദ് സി.ഐ, ജുനൈദ്, ഉവൈസ്, സമീർ, സഫീർ എന്നിവർ സംബന്ധിച്ചു. നിരവധിയിടങ്ങളിൽ ജാഥക്ക് സ്വീകരണം ലഭിച്ചു.

പള്ളി വളപ്പിലെ ചന്ദനമരം മോഷണം; മുഖ്യപ്രതി വനം വകുപ്പിന്റെ കസ്റ്റഡിയിൽ

കാസർകോട്: മുളിയാർ, ബാവിക്കര ജുമാമസ്ജിദ് വളപ്പിലെ ഖബർ സ്ഥാനിൽ നിന്നു ചന്ദനമരം മുറിച്ചു കടത്തിയ കേസിലെ പ്രതിയെ വനം വകുപ്പിന്റെ കസ്റ്റഡിയിൽ വിട്ടു. ബാവിക്കരയിലെ മുഹമ്മദ് കുഞ്ഞി (60)യെയാണ് സിജെഎം കോടതി രണ്ടു ദിവസത്തേയ്ക്ക് കാസർകോട് റേഞ്ച് ഫോറസ്റ്റർ അനിൽ കുമാർ നടയാലിന്റെ കസ്റ്റഡിയിൽ വിട്ടത്.കഴിഞ്ഞ മാസം 20ന് ആണ് പള്ളിവളപ്പിലെ രണ്ടു ലക്ഷത്തോളം രൂപ വിലവരുന്ന ചന്ദനമരം മുറിച്ചു കടത്തിയ സംഭവം ഉണ്ടായത്. 16 വർഷം പ്രായമുള്ള ചന്ദനമരമായിരുന്നു. വിവരമറിഞ്ഞെത്തിയ വനം വകുപ്പ് അധികൃതർ സ്ഥലമേയാ കേസെടുത്ത് അന്വേഷിക്കുന്നതിനിടയിൽ ചെത്തിമിനുക്കി മുട്ടികളാക്കി മാറ്റിയ ചന്ദനത്തടി ചാക്കിൽ കെട്ടി പള്ളിമുറ്റത്തു ഉപേക്ഷിച്ച സംഭവവും ഉണ്ടായിരുന്നു. ഇതിനു പിന്നാലെയാണ് മുഹമ്മദ് കുഞ്ഞിയെ അറസ്റ്റു ചെയ്തത്. കസ്റ്റഡിയിൽ കിട്ടിയ പ്രതിയെ വിശദമായി ചോദ്യം ചെയ്യുന്നതോടെ കൂട്ടുപ്രതികളെ കുറിച്ച് വിവരം ലഭിക്കുമെന്ന പ്രതീക്ഷയിലാണ് അനധികൃതർ.

രേഖകൾ ഹാജരാക്കണം

കാസർകോട്: കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമ നിധിബോർഡിൽ നിന്നും പെൻഷൻ വാങ്ങി വരുന്ന എല്ലാ പെൻഷൻകാരും അവരുടെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പെൻഷൻ പെയ്മന്റ് ഓർഡറിന്റെ കോപ്പിയും, ഇപിഎഫ്. പെൻഷൻ ലഭിക്കുന്ന ബാങ്ക് പാസ്ബുക്കിന്റെ ഏപ്രിൽ 2020 മുതലുള്ള പേജിന്റെ കോപ്പിയും ഈ മാസം 15 നകം എത്തിക്കണം.

ട്രാൻസ്ഫോർമറിൽ നിന്നും ഓയിൽ മോഷണം പോയി

മഞ്ചേശ്വരം: ട്രാൻസ്ഫോർമറിൽ നിന്നും ഓയിൽ കളവു ചെയ്തുവെന്ന പരാതിയിൽ മഞ്ചേശ്വരം പൊലീസ് കേസെടുത്തു.

തുമിനാടുള്ള കെ എസ് ഇ ബി ട്രാൻസ്ഫോർമറിൽ നിന്നുമാണ് 1,95,000രൂപ വിലമതിക്കുന്ന 180 ലിറ്റർ ഓയിൽ മോഷണം പോയത്. ഇതു സംബന്ധിച്ച് കെ എസ് ഇ ബി മഞ്ചേശ്വരം അസി. എഞ്ചിനീയർ സജിത് മോഹൻ നൽകിയ പരാതിയിലാണ് പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചത്.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4760
പവന്: 38080
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

പഞ്ചായത്ത് പ്രസിഡണ്ട്; സംവരണ പട്ടിക പ്രഖ്യാപിച്ചു

കാസർകോട്: തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി ത്രിതല പഞ്ചായത്ത് അധ്യക്ഷ സ്ഥാനങ്ങൾ സ്ത്രീകൾ, പട്ടികജാതി (സ്ത്രീ), പട്ടികജാതി (ജനറൽ), പട്ടികവർഗ്ഗം (സ്ത്രീ), പട്ടികവർഗ്ഗം (ജനറൽ) വിഭാഗങ്ങൾക്ക് സംവരണം ചെയ്തുകൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിറക്കി.

കാസർകോട് ജില്ലയിലെ ബദിയഡുക്ക പഞ്ചായത്തിന്റെ അധ്യക്ഷ സ്ഥാനം പട്ടികജാതി സ്ത്രീകൾക്കും പൈവളിഗെ പഞ്ചായത്ത് അധ്യക്ഷ സ്ഥാനം പട്ടികജാതി ജനറൽ വിഭാഗത്തിനും വെസ്റ്റ് എളേരി പഞ്ചായത്ത് അധ്യക്ഷ സ്ഥാനം പട്ടിക വർഗ്ഗ സ്ത്രീകൾക്കും കുറ്റിക്കോൽ പഞ്ചായത്ത് അധ്യക്ഷ സ്ഥാനം പട്ടിക വർഗ്ഗ ജനറൽ വിഭാഗത്തിനുമാണ്.മുളിയാർ, ദേലംപാടി, ബേഡഡുക്ക, മഞ്ചേശ്വരം, വൊർക്കാടി, മീഞ്ച, മംഗൽപ്പാടി, കുമ്പള, മൊഗ്രാൽ പുത്തൂർ , ചെമ്മനാട്, ഉദുമ, അജാനൂർ, മടിക്കൈ, കോടോം ബേളൂർ, പനത്തടി, ചെറുവത്തൂർ, പിലിക്കോട് പഞ്ചായത്തുകളുടെ പ്രസിഡണ്ട് സ്ഥാനം വനിതകൾക്കാണ് സംവരണം ചെയ്തിട്ടുള്ളത്. കാഞ്ഞങ്ങാട്, നീലേശ്വരം മുൻസിപ്പൽ ചെയർമാൻ സ്ഥാനങ്ങളും വനിതകൾക്കാണ്.

മുളിയാർ അഗ്രികൾച്ചറിസ്റ്റ് സഹ.സംഘം കോട്ടൂർ ബ്രാഞ്ച് ഉദ്ഘാടനം നാളെ

മുളിയാർ: കഴിഞ്ഞ 13 വർഷങ്ങളായി മുളിയാറിലെ കർഷകത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മുളിയാർ അഗ്രിക്കൾച്ച റിസ്റ്റ് വെൽഫെയർ സഹകരണ സംഘത്തിന്റെ കോട്ടൂർ ബ്രാഞ്ച് നാളെ രാവിലെ 10ന് കെ കുഞ്ഞിരാമൻ എം എൽ എ ഉദ്ഘാടനം ചെയ്യും.

മുളിയാർ പഞ്ചായത്ത് പ്രസിഡണ്ട് ഖാലിദ് ബെള്ളിപ്പാടി ആധ്യക്ഷം വഹിക്കുന്ന പരിപാടിയിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഇ ശ്രീധരൻ നായർ തുടങ്ങിയവർ ഓമന രാമചന്ദ്രൻ, സഹ.സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇൻചാർജ്ജ് ഷാജൻ എന്നിവർ മുഖ്യാതിഥികളാവും. സംഘം പ്രസിഡണ്ട് പി രവീന്ദ്രൻ, സെക്രട്ടറി കെ ബാലകൃഷ്ണൻ, വൈസ് പ്രസിഡണ്ട് ഇ ശ്രീധരൻ നായർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും.

ഓടുന്ന കാറിന് തീ പിടിച്ചു

ചെർക്കള: ഓടിക്കൊണ്ടിരിക്കെ കാർ കത്തിനശിച്ചു. ചെർക്കളയിലെ വ്യാപാരിയായ ബാലടുക്കത്തെ മൻസൂറിന്റെ കാറാണ് കത്തിയത്. ഇന്നലെ രാത്രി 9.30ന് ചെങ്കള പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സമീപത്താണ് അപകടം. ഫയർഫോഴ്സെത്തി തീയണച്ചു.

ബൈക്ക് കൊക്കയിലേയ്ക്ക് മറിഞ്ഞ് എ എസ് ഐ മരിച്ചു

കണ്ണൂർ: കുറുകെയോടിയ നായയെ ഇടിക്കാതിരിക്കാൻ വെട്ടിക്കുന്നതിനിടയിൽ ബൈക്ക് കൊക്കയിലേയ്ക്ക് മറിഞ്ഞ് എ എസ് ഐ മരിച്ചു. ശ്രീകണ്ഠാപുരം പൊലീസ് സ്റ്റേഷനിലെ എ എസ് ഐ ബ്ലാത്തൂരിലെ കുഞ്ഞിനാരായണൻ (48) ആണ് മരിച്ചത്.

ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേയ്ക്ക് പോകുന്നതിനിടയിൽ മന്നേരിയിലാണ് അപകടം. ഗുരുതര പരിക്കേറ്റ എസ് ഐയെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും രാത്രി 11 മണിയോടെ മരിച്ചു. ഭാര്യ: മനൂജ, പ്ലസ്ടു വിദ്യാർത്ഥിനിയായ നിജ ഏകമക

യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി.ബിജു അന്തരിച്ചു



തിരു: സി.പി.എം യുവ നേതാവും യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാനുമായ പി.ബിജു (43) അന്തരിച്ചു. കോവിഡ് ബാധിച്ചതിനെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. ഒക്ടോബർ 21നാണ് കോവിഡ് സ്ഥിരീകരിച്ചത്. പത്തു ദിവസത്തിന് ശേഷം നടത്തിയ പരിശോധനയിൽ കോവിഡ് നെഗറ്റീവായെങ്കിലും രോഗം ബാധിച്ചതിനെ തുടർന്നുണ്ടായ ശാരീരിക ബുദ്ധിമുട്ടുകളെ തുടർന്ന് ആശുപത്രിയിൽ തുടർന്നു.പ്രമേഹവും രക്ത സമ്മർദ്ദവും കൂടുതലായിരുന്നു. വൃക്കകൾ തകരാറിലായതിനെതുടർന്ന് ഡയാലിസിസിന് വിധേയനായിരുന്നു. ഇന്ന് രാവിലെ 8.15ന് ഹൃദയാഘാതത്തെ തുടർന്നാണ് അന്ത്യം.

സി.പി.എം തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം കൂടിയായിരുന്നു പി.ബിജു.

വിദ്യാർത്ഥി സമരങ്ങളിലെ മുൻനിര പോരാളിയായിരുന്നു പി.ബിജു. സിപിഎമ്മിലെ സൗമ്യ സാന്നിധ്യമായിരുന്നു. എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറിയായും ഡിവൈ.എഫ്.ഐ സംസ്ഥാന ട്രഷററുമായും പ്രവർത്തിച്ചിട്ടുണ്ട്.

കർഷക പ്രക്ഷോഭം: സി ഐ ടി യു ഐക്യദാർഢ്യം നാളെ

കാസർകോട്: നാളെ നടക്കുന്ന കർഷക പ്രക്ഷോഭത്തിന് സി.ഐ.ടി.യു.വിന്റെ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.ഭക്ഷ്യസുരക്ഷയും കർഷകരെയും തകർക്കുന്ന കാർഷിക നിയമങ്ങൾക്കെതിരെ കർഷകരും കർഷകതൊഴിലാളികളും സംയുക്തമായാണ് നാളെ ദേശവ്യാപകമായി പ്രതിഷേധ ധർണ്ണ നടത്തുന്നത്.ജില്ലയിൽ കർഷകസംഘം, കർഷകതൊഴിലാളി യൂണിയൻ നേതൃത്വത്തിലുള്ള പ്രതിഷേധ ധർണ്ണയ്ക്ക് ഐക്യദാർഢ്യ പ്രകടനം നടത്താൻ സി.ഐ.ടി.യു. ജില്ലാ കമ്മിറ്റി തീരുമാനിച്ചു.

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ–പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം. വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

LAND FOR SALE
Plain fertile land measuring 3 Acres and 19 cents, with complete documents is available for sale in KANYAPPADY, NEERCHAL VILLAGE, BADIADKA GRAMA PANCHAYATH. Land is suitable for Plantation, Residential, Farming, Industrial and other projects.
For more details Contact
9343754631

മുളിയാർ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘം
ക്ലിപ്തം നമ്പർ എസ് 374, ബോവിക്കാനം, മുളിയാർ പി ഒ.
ഫോൺ: 04994 251567, 251568. കോട്ടൂർ ബ്രാഞ്ച്: ഫോൺ 04994 250569
കോട്ടൂർ ബ്രാഞ്ച് ഉദ്ഘാടനം
നാളെ (2020 നവംബർ 5)
രാവിലെ 10.30ന്
ഉദ്ഘാടനം
കെ.കുഞ്ഞിരാമൻ
എം എൽ എ
മാന്യരെ,
കഴിഞ്ഞ 13 വർഷമായി കൃഷിക്കാരുടേയും കർഷക തൊഴിലാളികളുടെയും വിശിഷ്യാ മുളിയാർ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സഹകരണ സംഘമാണ് മുളിയാർ അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘത്തിന്റെ ആദ്യ ബ്രാഞ്ച് കോട്ടൂരിൽ 2020 നവംബർ 05ന് വ്യാഴാഴ്ച രാവിലെ 10.30ന് കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് ബഹു. മുളിയാർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ഖാലിദ് ബെള്ളിപ്പാടിയുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ ശ്രീ. കെ.കുഞ്ഞിരാമൻ അവർകൾ നിർവ്വഹിക്കുന്നു. പരിപാടിയിൽ ബഹു.കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഓമന രാമചന്ദ്രൻ, ബഹു.സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇൻചാർജ്ജ് ശ്രീ ഷാജൻ എന്നിവർ മുഖ്യാതിഥികളായി സംബന്ധിക്കുന്നു.
സംഘത്തിന്റെ വളർച്ചയിൽ എക്കാലത്തും സഹായ സഹകരണങ്ങൾ നൽകിയ എല്ലാ മാന്യ ഇടപാടുകാരേയും മെമ്പർമാരേയും നാട്ടുകാരേയും സഹകാരികളേയും പരിപാടിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിച്ചു കൊള്ളുന്നു.
എന്ന്
സെക്രട്ടറിയും ജീവനക്കാരും പ്രസിഡണ്ടും ഭരണസമിതിയും
കാര്യപരിപാടി
സ്വാഗതം : ശ്രീ.പി.രവീന്ദ്രൻ (സംഘം പ്രസിഡണ്ട്)
അധ്യക്ഷൻ: ശ്രീ ഖാലിദ് ബെള്ളിപ്പാടി (പ്രസിഡണ്ട്, മുളിയാർ ഗ്രാമ പഞ്ചായത്ത്)
റിപ്പോർട്ട് അവതരണം:ശ്രീ.കെ.ബാലകൃഷ്ണൻ (സംഘം സെക്രട്ടറി)
ഉദ്ഘാടനം: ശ്രീ കെ.കുഞ്ഞിരാമൻ (എം.എൽ.എ)
മുഖ്യാതിഥികൾ : ശ്രീമതി ഓമന രാമചന്ദ്രൻ (പ്രസി., കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്)
:ശ്രീ ഷാജൻ (ബഹു. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇൻചാർജ്ജ്)
നന്ദി: ശ്രീ.ഇ.ശ്രീധരൻ നായർ (സംഘം വൈസ് പ്രസിഡണ്ട്.)
ഞങ്ങളുടെ അനുബന്ധ സ്ഥാപനങ്ങൾ
നീതി മെഡിക്കൽ സ്റ്റോർ
നീതി മെഡിക്കൽ സ്റ്റോറിൽ മരുന്നുകൾ 10% മുതൽ 40 % വരെ വിലക്കുറവിൽ ലഭ്യമാണ്.
സഹകരണ മെഡിക്കൽ ലാബ്

Vol -27, Issue No -211 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com